**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 19** **22-02-2022 - ൽ മറുപടിയ്ക്ക്**

**കിറ്റെക്സ് തൊഴിലാളികളുടെ സംഘടിത ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ കെ ആൻസലൻ** | | **Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പോലീസ് സേനാംഗങ്ങൾക്ക് നേരെയുണ്ടായിട്ടുള്ള ആക്രമണങ്ങളിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇപ്രകാരം കുറ്റം ചെയ്യുന്നവർക്കെതിരെ ക്രൈം കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടെത്തി ശക്തമായ നിയമ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. |
| (ബി) | കിഴക്കമ്പലത്തെ കിറ്റെക്സ് കമ്പനിയുടെ ലേബർ ക്യാമ്പിലെ ഇതര സംസ്ഥാന തൊഴിലാളികൾ സംഘടിതമായി അകാരണമായി പോലീസിനെ ആക്രമിക്കുകയും കലാപം സൃഷ്ടിക്കുവാൻ ശ്രമിക്കുകയും ചെയ്ത സ്ഥിതിവിശേഷം ഉണ്ടായോ എന്നും എങ്കിൽ ആക്രമണകാരികൾക്കെതിരേ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ; | (ബി) | ഉണ്ടായിട്ടുണ്ട്. 26-12-2021 തീയതിയിൽ കിഴക്കമ്പലം കിറ്റെക്സ് കമ്പനിയിലെ ജോലിക്കാർ പരസ്പരം ലഹള കൂടുന്നതായി വിവരം ലഭിച്ചതിനെ തുടർന്ന് സ്ഥലത്തെത്തിയ പോലീസ് ഉദ്യോഗസ്ഥരെ ഇവരിൽ ചിലർ കല്ലെറിഞ്ഞും വടികൊണ്ട് തലക്കടിച്ചും മറ്റും ആക്രമണം നടത്തിയതിനും, പോലീസിന്റെ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിന് തടസ്സം വരുത്തിയും പോലീസ് വാഹനങ്ങൾ അടിച്ച് തകർത്ത് തീവച്ച് നശിപ്പിക്കുകയും ചെയ്തതിനും കുന്നത്തുനാട് പോലീസ് സ്റ്റേഷൻ ക്രൈം നം. 1587/2021 u/s 143, 144, 147, 148, 107, 324, 326, 307, 353, 332, 333 r/w 149 IPC Sec 3(1) of PDPP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് പെരുമ്പാവൂർ എസ്.എച്ച്.ഒ. യുടെ കീഴിൽ ഒരു സ്പെഷ്യൽ ടീം ഉണ്ടാക്കി അന്വേഷണം നടത്തി വരുന്നതാണ്. ടി കേസിലെ 51 പ്രതികളെ അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്തിട്ടുള്ളതാണ്. കൂടാതെ, പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് കുന്നത്തുനാട് പോലീസ് സ്റ്റേഷനിൽ ക്രൈം നം. 1588/2021 u/s 143, 145, 147, 148, 149, 341, 342, 294(b), 506(ii), 323, 324, 332, 353, 427, 435, 440, 447 & 114 r/w 107 IPC & 3(1), 4 of PDPP Act പ്രകാരം മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുള്ളതും ടി കേസിന്റെ അന്വേഷണം കല്ലൂർക്കാട് ഐ. എസ്.എച്ച്.ഒ. യുടെ കീഴിലുള്ള സ്പെഷ്യൽ ടീം നടത്തി വരുന്നതുമാണ്. ടി കേസിലേക്ക് 174 പ്രതികളെ |

| | | | |
|---|---|---|---|
| | | | അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്തിട്ടുള്ളതുമാണ്. കേസുകളുടെ അന്വേഷണം അന്തിമ ഘട്ടത്തിലാണ്. |
| (സി) | സർക്കാർ സംവിധാനങ്ങളെയോ ജനപ്രതിനിധികളെയോ അംഗീകരിക്കാതെ മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികളായ ഗുണ്ടകളുടെയും സുരക്ഷാ ജീവനക്കാരുടെയും സഹായത്താൽ കിറ്റെക്സ് കമ്പനി കിഴക്കമ്പലത്ത് സമാധാനാന്തരീക്ഷം ഇല്ലാതാക്കുന്നതായി പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) | കിറ്റെക്സ് എന്ന സ്ഥാപനത്തിലെ അന്തേവാസികളായ ഇതര സംസ്ഥാന തൊഴിലാളികൾ കമ്പനി സ്ഥിതി ചെയ്യുന്ന പ്രദേശത്തെ ഗ്രാമവാസികൾക്ക് അസ്വസ്ഥതകൾ സൃഷ്ടിക്കുന്നതായി പത്ര ദൃശ്യ മാധ്യമ പ്രതിനിധികളോട് പരാതിപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ